<u>ഭരണഭാഷ - മാതൃഭാഷ</u>

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്,
ചാലക്കുടി Pin : 680 307
0480 2701340 (O)
e-mail:dfo.clkdy.for@kerala.gov.in

എം. വെങ്കടേശ്വരൻ ഐ.എഫ്.എസ്.
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ

KFDDO/70477/25-DFOCLKDY/CC5 തീയതി : 16.12.2025

## ലേല പരസ്യം

ചാലക്കുടി വനം ഡിവിഷനിൽപെട്ട താഴെ പറയുന്ന റെയിഞ്ചുകളിലെ വിവിധ കേസുകളിൽ പെട്ട തൊണ്ടി വകകളും ഡിവിഷൻ പരിധിയിലുള്ള വനമേഖലയിൽ നിന്നും പ്രകൃതിക്ഷോഭംമൂലം ശേഖരിക്കപ്പെടുന്നതും, അപകടഭീഷണി ഉയർത്തിയ വൃക്ഷങ്ങൾ മുറിച്ചു നീക്കിയവയും ഉൾപ്പെടെ താഴെ പട്ടികയിൽ കാണിച്ചിട്ടുള്ള തീയതികളിൽ രാവിലെ 11 മണിയ്ക്ക് അതാത് റെയിഞ്ച് ഓഫീസുകളിൽ വെച്ച് ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ വനം വകുപ്പിൽ നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതായിരിക്കും. 01.11.2016 ലെ 43-ാം നമ്പർ കേരള ഗസറ്റിൽ വാല്യം 5 ൽ പ്രസിദ്ധീകരിച്ച ഇതര ലേല വ്യവസ്ഥകൾക്കും തിരുവനന്തപുരം അഡീഷണൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് ലാന്റ് & റിസോഴ്സസ്) റുടെ 21.11.2015 ലെ പ്രൊ(4) 26243/2013 നമ്പർ ആയി 15.12.2015 ലെ 49-ാം നമ്പർ കേരള ഗസറ്റ് വാല്യം (4) ൽ പരസ്യപ്പെടുത്തിയിട്ടുള്ള വിശദമായ ദർഘാസ്/ലേല വ്യവസ്ഥകൾക്കും അതാതു സമയത്തു നിലവിലുള്ള മറ്റു നിയമങ്ങൾക്കും വിധേയമായി ദർഘാസ്/ലേല അടിസ്ഥാനത്തിൽ വില്പന നടത്തുന്നതാണ്. കൂടാതെ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും ബാധകമാകുന്നതാണ്.

ലേലത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഈട്ടി, തേക്ക് എന്നിവയ്ക്ക് 20,000 രൂപയും മറ്റ് തടികൾക്ക് 10,000 രൂപ എന്ന നിരക്കിലും നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്. ലേലത്തിൽ പിടിച്ചതും സ്ഥിരപ്പെടുത്തിയതുമായ വനവിഭവങ്ങൾ അവയുടെ മുഴുവൻ വിലയും നിലവിലുള്ള നികുതികളും ഒടുക്കി ലേലം സ്ഥിരപ്പെടുത്തിയ വിവരം അറിയിക്കുന്ന തിയതി മുതൽ 30 ദിവസത്തിനകം സ്ഥലത്ത് നിന്ന് നീക്കം ചെയ്യേണ്ടതാണ്.

ലേലത്തിൽ പങ്കെടുക്കുന്നവർ ലേല തീയതിയ്ക്ക് മുൻപു തന്നെ ലേലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വന വിഭവങ്ങളുടെ അളവ്, ഗുണനിലവാരം മുതലായവ കണ്ട്

ബോദ്ധ്യപ്പെടേണ്ടതാണ്. ഇത് സംബന്ധിച്ച് ലേലത്തിനു ശേഷം യാതൊരു വിധ പരാതികളും പരിഗണിക്കുന്നതല്ല.

കോടതി ഉത്തരവ് പ്രകാരം ലേലം ചെയ്യുന്ന തൊണ്ടി വകകളുടെ മുഴുവൻ ലേല സംഖ്യയും നികുതികളും ലേല ദിവസം തന്നെ കെട്ടിവെയ്ക്കേണ്ടതാണ്.

ലേല ദിവസം ഒരു പൊതു അവധി ദിവസമായോ പൊതു പണിമുടക്കു ദിവസമായോ വരുന്ന പക്ഷം ലേലം അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തും സ്ഥലത്തും വച്ച് നടത്തുന്നതാണ്.

**പട്ടിക**

**ലേലതീയതികൾ**

| റെയ്ഞ്ചിന്റെ പേര് | Jan. 2026 | Feb. 2026 | March 2026 | April 2026 | May 2026 | June 2026 | July 2026 | Aug. 2026 | Sep. 2026 | Oct . 2026 | Nov 2026 | Dec. 2026 |
|---|---|---|---|---|---|---|---|---|---|---|---|---|
| പരിയാരം | 8 | 12 | 4 | 9 | 7 | 5 | 3 | 6 | 8 | 8 | 5 | 4 |
| പാലപ്പിള്ളി | 15 | 19 | 11 | 17 | 15 | 11 | 9 | 13 | 10 | 15 | 12 | 10 |
| വെള്ളിക്കുളങ്ങര | 22 | 26 | 18 | 24 | 22 | 19 | 17 | 20 | 17 | 23 | 19 | 18 |

ചാലക്കുടി,
16.12.2025

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
ചാലക്കുടി ഡിവിഷൻ
(കേരള ഗവർണ്ണർക്കു വേണ്ടി)